(ബി) കെ.എസ്.ആർ.ടി.സി.-യിൽ അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന വരുമാനത്തിൽ നിന്നാണ് പെൻഷൻ നൽകി വരുന്നത്. ഡീസൽ, ശമ്പളം, ലോണുകളുടെ തിരിച്ചടവ്, സ്പെയർ പാർട്ടുകൾ, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നീക്കിവയ്ക്കുന്ന 10 % റ്റി.എസ്.ബി. നിക്ഷേപം എന്നിവ കഴിച്ച് ദൈനംദിന വരുമാനത്തിലെ നീക്കിയിരിപ്പുതുകയും ബാക്കി തുക കെ.റ്റി.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുത്തുമാണ് പെൻഷൻ നൽകിവരുന്നത്. കടം കിട്ടുന്നതിനുള്ള കാലതാമസമനുസരിച്ച് പെൻഷൻ നൽകുന്ന തീയതിയിലും മാറ്റമുണ്ടാകാറുണ്ട്.

(സി)&(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശ്രീമതി ഐഷാബീവിയുടെ പെൻഷൻ അപാകതകൾ പരിഹരിക്കാൻ നടപടി

170 (767) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഫാമിലി പെൻഷൻ (പി.പി.ഡി. നമ്പർ. 15763) ആയ ശ്രീമതി ഐഷാബീവി തനിക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള അപാകതകൾ ചൂണ്ടിക്കാട്ടി സമർപ്പിച്ച പരാതി പരിഗണിച്ചിട്ടുണ്ടോ ;

(ബി) പരാതിയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചശേഷം പരാതിക്കാരിക്ക് വ്യക്തമായ മറുപടി നല്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം വ്യക്തമായതും വിശദമായതുമായ മറുപടി നല്കാൻ നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മറുപടി നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

171 (768) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര പേർക്കാണ് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) പെൻഷൻ നൽകുന്നതിനായി പ്രതിവർഷം എത്ര രൂപ കെ. എസ്. ആർ. ടി. സി. ചെലവഴിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly